Road for Gothuruthi.

256. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവായി ഉത്തരം നല്കുമോ:—

(a) ഗോതുരുത്തിലേക്കുനടപ്പിച്ചിട്ടുള്ള റോഡിന്റെ പണി കരാർ എല്പിച്ചുവൊ;

(b) ഈ പണി എപ്പോൾ ആരംഭിക്കും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ഇല്ല. പക്ഷെ ടെൻഡർ ഫോം കൊടുത്തിട്ടുണ്ട്.

(b) റോഡിനു വേണ്ടതായ ഭൂമികളിൽ ഉള്ള ചമയങ്ങൾക്കു വില ആവശ്യമില്ലെന്നു് ഭൂമിഉടമസ്ഥന്മാർ ആദ്യം പറഞ്ഞിരുന്നു. പിന്നീടു ചമയങ്ങൾക്കും വില കിട്ടേണമെന്നും റോഡുതന്നെ ആവശ്യമില്ലെന്നും കാണിച്ചു ചില ഹർജികൾ അയച്ചിട്ടുള്ളതു് വിചാരണയിൽ ഇരിക്കുകയാണു്. ഇവ തീരുമാനമായതിനുശേഷമല്ലാതെ പണി ആരംഭിക്കുവാൻ തരമില്ല.

Election—Lokamaleswaram Panchayat.

257. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) ലോകമലേശ്വരം ഗ്രൂപ്പു് പഞ്ചായത്തിന്റെ രണ്ടാമത്തെ തിരഞ്ഞെടുപ്പു് കഴിഞ്ഞു് കാലമെത്രയായി;

(b) തിരഞ്ഞെടുപ്പു് സ്ഥിരപ്പെടുത്തുകയുണ്ടായൊ;

(c) ഇല്ലെങ്കിൽ കാരണമെന്തു്

(d) ഏറിയാട വില്ലേജിൽനിന്നു് തിരഞ്ഞെടുക്കപ്പെട്ട ഒരു മെമ്പറിന്റെ സ്ഥാനം ഉപ്പിലപ്പെടുത്തി എന്നു കേൾക്കുന്നതിൽ വല്ല വാസ്തവവും ഉണ്ടൊ;

(e) ഉവ്വു് എങ്കിൽ അതിന്റെ കാരണമെന്തു;

(f) പ്രസ്തുത മെമ്പറിനെ കാലെക്കൂട്ടി വിവരം അറിയിക്കയും ആ മാന്യന്റെ വാദങ്ങൾ കേൾക്കയും തെളിവെടുക്കയും ചെയ്തിട്ടുണ്ടൊ; ഇല്ലെങ്കിൽ അതിനു കാരണമെന്തു;

(g) ഒന്നാമത്തെ തിരഞ്ഞെടുപ്പിൽ പ്രസ്തുത മാന്യൻ എതിരില്ലാതെ മെമ്പറായും പ്രസിഡെണ്ടായും തിരഞ്ഞെടുക്കപ്പെട്ടിരുന്നൊ; ആ അവസരത്തിൽ ഗവമ്മെണ്ടിനു വല്ല ആക്ഷേപങ്ങളും കിട്ടീട്ടുണ്ടൊ; ഉവ്വു് എങ്കിൽ ആ ആക്ഷേപങ്ങൾ തള്ളിക്കളഞ്ഞു് തിരഞ്ഞെടുപ്പു സ്ഥിരപ്പിപ്പാനുണ്ടായ കാരണങ്ങളും ന്യായങ്ങളും എന്തു;

(h) ഒന്നാമത്തെ തിരഞ്ഞെടുപ്പവസരത്തിലുണ്ടായ ആക്ഷേപങ്ങൾ ഇരുഭാഗത്തേയും തെളിവുകൾ, സൂപ്രണ്ടിന്റെ റിപ്പോർട്ടു്, ഗവമ്മെണ്ടിന്റെ ഉത്തരവു്, രണ്ടാമത്തെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങൾ, ഇരുഭാഗത്തേയും തെളിവുകൾ, സൂപ്രണ്ടിന്റെ റിപ്പോർട്ടു്, ഗവമ്മെണ്ടിന്റെ ഉത്തരവു് മുതലായ ഫയലുകൾ മേലുപ്പറത്തു വെക്കുവാൻ ദയവുണ്ടാകുമൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—(a) പുതിയ മെമ്പർമാരുടെ തിരഞ്ഞെടുപ്പു് ഫാറം മിഥുനം ൨൪-൦൦-ാം൯൩-യിലാണു് ഉണ്ടായതു്.

(b) ഇല്ല.

(c) തിരഞ്ഞെടുത്ത മെമ്പർമാരിൽ ഒരാൾക്കു നിയമപ്രകാരമുള്ള നികുതി ജമയില്ലെന്നും മറ്റൊരാൾ ക്രിമിനാൽ ശിക്ഷയിൽപെട്ടിട്ടുള്ള ആളാണെന്നും ആക്ഷേപമുള്ളതു് ശരിയാണെന്നു കണ്ടതുകൊണ്ടു്.

(d) ഉണ്ടു്.

(e) ക്രിമിനൽ ശിക്ഷയിൽപെട്ട ആളായതുകൊണ്ടു്.

(f) ഇല്ല. വിധിപകർപ്പു് നോക്കിയതിൽ തെളിവെടുക്കേണ്ട ആവശ്യമില്ലെന്നു തോന്നിയതിനാൽ.

LIBRARY ARCHIVES Kerala Legislative Assembly

(g) ഉവ്വ്. ഒരു പേരില്ലാത്ത (anonymous) ഹർജി കിട്ടീട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ള സംഗതികൾ തെളിയിക്കുവാൻ ചുമതലപ്പെട്ട ആൾ ഇല്ലാതിരുന്നതിനാലും മറ്റുതെളിവുകൾ കിട്ടാതിരുന്നതിനാലും.

(h) കടലാസ്സുകൾ മേശപ്പുറത്തു വെക്കുന്നതുകൊണ്ടു് പൊതുവെ ഉപയോഗമുണ്ടെന്നു തോന്നുന്നില്ല.

Supply of water—G. H. School, Kunnamkulam.

258. Mr. K. T. Mathew.—Will the Government be pleased to inform with reference to question No. 12 of the last budget session, what steps have been taken to remedy the scarcity of water for the use of Kunnamkulam Girls' High School pupils?

Mr. I. N. Menon.—It has been decided to make trial borings in the school compound to see whether water can be had in the school compound itself. To supply water in the meanwhile, an enhanced hot weather allowance has also been sanctioned for the school.

L. S. School, Pazhanji.

259. Mr. K. T. Mathew.—Referring to question No. 85 of the last budget session, will the Government be pleased to inform whether the construction of new buildings for Government Lower Secondary School, Pazhanji, has already been begun and if not, what is the reason for the delay?

Mr. V. K. Aravindaksha Menon.—Tenders for the work have been received. The work will be put in hand shortly.

Agriculture Department.

260. പി. സി. ചാഞ്ചൻ.—കൃഷി ഡിപ്പാർട്ടമെണ്ടിൽ കൃഷി ജോലിക്കാരായ അധഃകൃതരെ കൃഷി പരിശീലനങ്ങൾ പഠിക്കുവാൻ ഇതേവരെ വല്ല വരേയും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ നിശ്ചയിച്ചിട്ടുണ്ടെന്നുള്ള ഒരു ലിസ്റ്റ് സഭയിൽ മേശപ്പുറത്തു വെച്ചുതരുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഐ. രാമൻമേനോൻ.—ഇല്ല.

Engineer Department.

261. മിസ്റ്റർ പി. സി. ചാഞ്ചൻ.—(a) അധഃകൃതരിൽ എട്ടും ഒമ്പതും ക്ലാസ്സുകൾ പഠിച്ചിട്ടുള്ളവർക്കു ഡിപ്പാർട്ടമെണ്ടിൽ മേസ്തിരി ജോലി കൊടുക്കുവാൻ ദയവുണ്ടാകുമോ;

(b) മേൽ ചോദിച്ച ചോദ്യത്തിൽ വല്ല വിഷയവും പാസ്സാകേണ്ടതായി വന്നാൽ ടി വിഷയം പാസ്സാകുന്നതിനു് സ്റ്റൈപ്പൻഡു സഹിതം അയച്ചു പഠിപ്പിക്കുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർ അവർകളുടെ ദയവുണ്ടാകുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ഇവരുടെ അപേക്ഷകൾ കിട്ടിയാൽ വേണ്ടവിധം ആലോചിക്കുന്നതാണ്.

(b) ഈ ജോലിക്കു യാതൊരു വിഷയവും പ്രത്യേകിച്ചു പാസ്സാകേണ്ടതില്ല.

Thanikkudam Scheme.

262. Mr. E. Ikkanda Warriar.—Will the Government be pleased to state whether they have given up the Thanikkudam Scheme and if not, when do they propose to take up that work?

LIBRARY ARCHIVES Kerala Legislative Assembly